## തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : Seeram Sambasiva Rao IAS)

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – ഭരണജാഗ്രത - കോട്ടയം ജില്ല - ചങ്ങാനശ്ശേരി നഗരസഭ – മുൻ ഓവർസീയർ ശ്രീമതി ലത എസ് - അച്ചടക്ക നടപടി - സർവീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഉത്തരവാകുന്നു

പരാമർശം:
1) തദ്ദേശസ്വയംഭരണ വകുപ്പ് സുപ്രണ്ടിംഗ് എഞ്ചിനിയറുടെ (സൌത്ത് സർക്കിൾ) 09.01.2023 തീയതിയിലെ E3/1703/SE/LSGD/2021 നമ്പർ റിപ്പോർട്ട്.
2) സർക്കാരിന്റെ 22.12.2022 തീയതിയിലെ ഇഡബ്ല്യുബി2/332/2022-LSGD നമ്പർ കത്ത്.
3) പ്രിൻസിപ്പൽ ഡയറക്ടറുടെ 06.07.2023 തീയതിയിലെ LSGD/PD/24528/2023-VIGB6 നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും
4) കോട്ടയം ജില്ലാ ജോയിൻ്റ് ഡയറക്ടറുടെ 20.10.2023 തീയതിയിലെ LSGD/JD/KTM/477/2023-A5 നമ്പർ റിപ്പോർട്ട്
5) കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 16.03.2024 തീയതിയിലെ LSGD/JD/KTM/477/2023-A5 നമ്പർ അഭിപ്രായ റിപ്പോർട്ട്
6) 13.05.2024 തീയതിയിലെ LSGD/PD/24528/2023-VIGB6 നമ്പർ ഹിയറിംഗ് നോട്ടീസ്.
7) ശ്രീമതി ലത എസ് 04.06.2024 തീയതിയിൽ സമർപ്പിച്ച മറുപടി.
8) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയക്ടറുടെ 09/07/2024 തീയതിയിലെ LSGD/PD/24528/2023-VIGB6 നമ്പർ കാരണം കാണിക്കൽ നോട്ടീസ്
9) ശ്രീമതി ലത എസ് 22.08.2024 തീയതിയിൽ സമർപ്പിച്ച മറുപടി.

### ഉത്തരവ് നമ്പർ LSGD/PD/24528/2023-VIGB6 തീയതി: 13-10-2024

ചങ്ങനാശ്ശേരി നഗരസഭയിൽ ഒന്നാം തരം ഓവർസിയർ തസ്തികയിൽ സേവനമനുഷ്ഠിക്കവേ ശ്രീമതി ലത എസ്., 16.12.2014 മുതൽ 15.12.2016 വരെ 2 വർഷത്തേക്കും തുടർന്ന് 16/12/2016 മുതൽ 15/12/2021 തീയതിയിൽ അവസാനിക്കുന്ന 5 വർഷത്തേക്കും ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നു. 16/12/2021 തീയതിയിൽ തിരികെ ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന ശ്രീമതി ലത എസ്., 18/02/2022 ന് ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 23/02/2022 തീയതിയിലെ ഇ9/15134/2021/സിഇ/തസ്വഭവ (LID&EW) നമ്പർ ഉത്തരവ് പ്രകാരം

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിൽ ടിയാരിക്ക് നിയമനം നൽകുകയും 25/02/2022 തീയതി പൂർവാഹ്നം ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. എന്നാൽ ശ്രീമതി ലത എസ്., 06/11/2022 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകുന്നില്ല എന്ന് പരാമർശം(1) പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനിയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിലും സർക്കാരിന്റെ പരാമർശം (2) പ്രകാരമുള്ള നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ടിയാരിക്കെതിരെ പരാമർശം (3) പ്രകാരം കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 -ലെ വ്യവസ്ഥകൾ അനുസരിച്ച് കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. പ്രസ്തുത കുറ്റാരോപണമെമ്മോയിൽ ചുവടെ ചേർക്കുന്ന ആരോപണങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

*"കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി നഗരസഭയിൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ആയി ജോലി ചെയ്തുവരവെ മേലധികാരികളുടെ മുൻകൂർ അനുമതി വാങ്ങാതെയും യഥാവിധി അവധി അപേക്ഷ സമർപ്പിക്കാതെയും 06/11/2022 മുതൽ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുന്നത് ഗുരുതരമായ കൃത്യവിലോപവും ഉത്തരവാദിത്തരഹിതമായ പ്രവൃത്തിയുമാണ്. ഇത്തരത്തിൽ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നത് ഉത്തരവാദപ്പെട്ട ഒരു സർക്കാർ ജീവനക്കാരന്റെ പദവിക്കു ചേർന്നതല്ല. മേൽ പ്രകാരം ചട്ടലംഘനം, കൃത്യവിലോപം, അധികാര ദുർവിനിയോഗം എന്നിവ കാട്ടിയതായി കണ്ട് താങ്കൾക്ക് എതിരെ ഈ കുറ്റപത്രം നൽകുന്നു".*

പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീമതി ലത എസ്., സമർപ്പിച്ച എതിർവാദ പത്രിക പരാമർശം (4) പ്രകാരം ലഭ്യമായിരുന്നു. ആയതിൽ വിദേശത്ത് താമസിക്കുന്ന തന്റെ ഭർത്താവിന് രണ്ടാംഘട്ട കോവിഡ് ബാധിക്കുകയും, ശാരീരികവും മാനസികവുമായി ടിയാൻ തളർന്ന സാഹചര്യത്തിൽ ടിയാനും കൂടെയുണ്ടായിരുന്ന ബാലനായ മകനും (12 വയസ്സ്) തന്റെ സാന്നിദ്ധ്യം അനിവാര്യമായിരുന്ന അവസരത്തിൽ അടിയന്തിരമായി താൻ വിദേശത്തേയ്ക്ക് പോയിട്ടുള്ളതുമാണ് എന്നും മുമ്പ് അനുവദിച്ചിരുന്ന അവധികളുടെ കാലയളവ് ക്രമവത്ക്കരിച്ച് നൽകിയാൽ മാത്രമേ പുതിയ അവധി അപേക്ഷ പരിഗണിക്കുകയുള്ളൂ എന്നറിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് 06.11.2022 തീയതി മുതൽ അവധി അപേക്ഷ സമർപ്പിക്കാൻ സാധിക്കാതിരുന്നതെന്നും നിയമനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു.

മേൽ പ്രകാരമുള്ള പ്രതിവാദ പത്രികയിന്മേൽ പരാമർശം (5) പ്രകാരം കോട്ടയം ജോയിന്റ് ഡയറക്ടർ അഭിപ്രായ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ടി റിപ്പോർട്ടിൽ മുൻപ് എടുത്തിരുന്ന അവധി കാലയളവ് റെഗുലറൈസ് ചെയ്താൽ മാത്രമേ അവധി അനുവദിച്ച് ലഭിക്കുകയുള്ളൂ എന്ന കാരണത്താലാണ് അവധിക്ക് അപേക്ഷിക്കാത്തത് എന്ന വാദം അംഗീകരിക്കാവുന്നതല്ല എന്നും G.O (P) No. 233/08/Fin dated 03.06.2008, G.O (P) No. 418/08/Fin dated 16.09.2008 സർക്കുലറുകൾ പരിശോധിക്കുമ്പോൾ വിദേശത്തേക്ക് പോകുന്ന സർക്കാർ ഉദ്യോഗസ്ഥർ മേലധികാരിയുടെ അവധി അംഗീകരിച്ച അനുമതിയോടെ മാത്രമേ യാത്ര ചെയ്യാൻ പാടുള്ളൂ എന്നും ആയതു പാലിക്കാൻ ടിയാരി ബാധ്യസ്ഥയാണ് എന്നും ശ്രീമതി ലത എസ്.

എടുത്തിട്ടുള്ള അവധി വിവരങ്ങൾ പരിശോധിക്കുമ്പോൾ ടിയാരി നിരന്തരമായി അവധിയെടുക്കുന്നുവെന്ന് മനസ്സിലാകുന്നുവെന്നും അവധിക്ക് അപേക്ഷിക്കാതെയും അവധി അനുവദിച്ചു ലഭിക്കാതെയും വിദേശത്തേക്ക് പോയത് അനധികൃതമായി ജോലിക്ക് ഹാജരാകാത്തതായി പരിഗണിക്കേണ്ടതാണെന്നും ആയതിനാൽ ശ്രീമതി ലത എസ്. നൽകിയ വിശദീകരണം അംഗീകരിക്കേണ്ടതില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി ലത എസ്. നൽകിയ വിശദീകരണത്തിൽ കുറ്റാരോപണ പത്രികയിലെ എല്ലാ ആരോപണങ്ങളും സമ്മതിച്ചിട്ടുള്ളതിനാലും ആരോപണങ്ങൾ സംശയാതീതമായി തെളിഞ്ഞിട്ടുള്ളതിനാലും അച്ചടക്കനടപടിയിൽ ചട്ടം 15 പ്രകാരം ഉള്ള ഔപചാരിക അന്വേഷണം ആവശ്യമില്ല എന്ന് കണ്ടു നടത്തിയിട്ടില്ലാത്തതാണ്.

ശ്രീമതി ലത എസ്. -ന്റെ എതിർവാദപത്രികയുടെയും കോട്ടയം ജില്ലാ ജോയിൻ്റ് ഡയറക്ടർ സമർപ്പിച്ച അഭിപ്രായ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ശ്രീമതി ലത എസ്. -നെതിരായ അച്ചടക്കനടപടിയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് പരാമർശം (6) പ്രകാരം ഈ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ടിയാരിയെ നേരിൽ കേൾക്കുന്നതിന് തീരുമാനിക്കുകയും ആയത് ടിയാരിയെ രേഖമൂലം അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ ശ്രീമതി ലത എസ്. -ന് ഇപ്പോഴത്തെ സാഹചര്യത്തിൽ ബാലനായ മകനെ തനിച്ചാക്കി നിലവിൽ നിശ്ചയിച്ചിട്ടുള്ള ഹിയറിംഗിൽ ഹാജരാകുവാനോ ജോലിയിൽ തിരികെ പ്രവേശിക്കുവാനോ സാധിക്കാത്ത സാഹചര്യമാണുള്ളതെന്നും, ടിയാരിയുടെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച മനഃപൂർവ്വമല്ലാത്ത കുറ്റമാണെന്ന് പരിഗണിക്കണമെന്നും സൂചന(7) പ്രകാരം അറിയിച്ചിരുന്നു.

കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം-1 ചട്ടം 65 പ്രകാരം അവധി ഒരവകാശമായി അവകാശപ്പെടാവുന്നതല്ല എന്നും ഏതിനത്തിൽപ്പെട്ട അവധിയും നിരസിക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള വിവേചനാധികാരം ബന്ധപ്പെട്ട അധികാരിയിൽ നിക്ഷിപ്തമാണെന്നും വ്യവസ്ഥ ചെയ്തിരിക്കെ, മേലധികാരികളുടെ അനുമതി വാങ്ങാതെയും യഥാവിധി അവധി അപേക്ഷ സമർപ്പിക്കാതെയും 06.11.2022 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതെ വിദേശത്ത് തുടരുന്ന ശ്രീമതി ലത എസ്. -ന്റെ പ്രവർത്തി ഗുരുതര കൃത്യവിലോപവും അച്ചടക്കരാഹിത്യവും ടിയാരിക്ക് ജോലിയോടും വകുപ്പിനോടുമുള്ള അവമതിപ്പാണെന്നും ആയതിനാൽ ശ്രീമതി ലത എസ്. -ന് സേവനത്തിൽ തുടരാൻ യാതൊരു അർഹതയുമില്ല എന്നും ബോധ്യപ്പെട്ടതിനാൽ കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം 1 അനുബന്ധം XII A- യിലെ ഖണ്ഡിക 9 നിഷ്കർഷിക്കും വിധം 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, ചട്ടം 11(1) (vii) പ്രകാരം ശ്രീമതി ലത എസ്. -നെ സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ട് (Removal from Service) പരാമർശം (3) പ്രകാരം ആരംഭിച്ച അച്ചടക്കനടപടി തീർപ്പാക്കുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (8) പ്രകാരം ടിയാരിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി ലത എസ് 22/08/2024ന് പരാമർശം (9) പ്രകാരം മറുപടി നൽകിയിരുന്നു. ഇപ്പോഴത്തെ സാഹചര്യത്തിൽ മകന്റെ സംരക്ഷണ ചുമതല പൂർണ്ണമായും ടിയാരിയിൽ നിഷിപ്തമായിരിക്കുന്നതിനാൽ തുടർന്ന് ജോലിയിൽ പ്രവേശിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളതെന്ന് അറിയിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ, വസ്തുതകളും ബന്ധപ്പെട്ട രേഖകളും തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം ജില്ലാ ജോയിൻ്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടും പരിശോധിച്ചതിൽ മേലധികാരികളുടെ അനുമതി വാങ്ങാതെയും യഥാവിധി അവധി അപേക്ഷ സമർപ്പിക്കാതെയും 06.11.2022 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതെ വിദേശത്ത് തുടരുന്ന ശ്രീമതി ലത എസ്. -ന്റെ പ്രവർത്തി ഗുരുതര കൃത്യവിലോപവും അച്ചടക്കരാഹിത്യവും ജോലിയോടും വകുപ്പിനോടുമുള്ള അവമതിപ്പാണെന്നും സർക്കാർ സേവനത്തിൽ തുടരാൻ ടിയാരിക്ക് താല്പര്യമില്ലായെന്നും ബോധ്യപ്പെടുന്നു. ആകയാൽ, കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം 1 അനുബന്ധം XII A യിലെ ഖണ്ഡിക 9 നിഷ്കർഷിക്കും വിധം 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, ചട്ടം 11 (1) (vii) ൽ അനുശാസിക്കും പ്രകാരം സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ട് നൽകിയ കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി, **ഓവർ സിയർ ശ്രീമതി ലത എസ്. -നെ സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ടും അപ്രകാരം പരാമർശം (3) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.**

തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടർ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

PRINCIPAL DIRECTORATE * LOCAL SELF GOVT DEPARTMENT * THIRUVANANTHAPURAM

Seeram Sambasiva Rao IAS

**PRINCIPAL DIRECTOR**

SEERAM SAMBASIVA RAO IAS
PEN : 721045
Principal Director
Local Self Government Department
Swaraj Bhavan, Nanthencode
Kowdiar PO, Tvpm - 695003

ശ്രീമതി ലത എസ്.
മുൻ ഒന്നാംതര ഓവർസിയർ, ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി
(തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, കോട്ടയം മുഖേന)

പകർപ്പ് :
1. തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിൻ്റ് ഡയറക്ടർ, കോട്ടയം (നോട്ടീസ് ശ്രീമതി ലത എസ് -ന് നൽകി ഒപ്പ്, തീയതി സഹിതം കൈപ്പറ്റ് പകർപ്പ് ലഭ്യമാക്കുന്നതിനായി)
2. സെക്രട്ടറി, ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി
3. സൂപ്രണ്ട്, ഡിഇഡി സെക്ഷൻ (വിവരാവകശ നിയമം 2005 പ്രകാരം വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനായി), പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. സൂപ്രണ്ട്, ഡിഇഇ സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി